DESPATCHED
On..18/12/21...



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 642(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 11014/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജയൻ കെ,
പേഴുവിള പുത്തൻവീട്,
കേരള നഗർ 50 നെട്ടയം (പി.ഒ),
തിരുവനന്തപുരം - 695 013.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, ഇടുക്കി.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/05/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25/05/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 28/06/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 28/06/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/12/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 16/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജയൻ കെ, 28/06/2019 തീയതി സമർപ്പിച്ച പരാതി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 642(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 09/05/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് കാറ്റഗറി 45/2015 പ്രകാരം ഇടുക്കി ജില്ലയിൽ വിവിധ വകുപ്പുകളിലേക്കുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തെ സംബന്ധിയ്ക്കുന്ന താഴെ പറയുന്ന വിവരങ്ങളാണ്:

1. ക്ലർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ഇതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ടോ എന്നും
2. മുൻഗണന പ്രകാരമുള്ള റൊട്ടേഷൻ ചാർട്ട് അനുസരിച്ച് എത്രാമത്തെ റൊട്ടേഷൻ മുതലാണ് നിയമനം തുടങ്ങിയതെന്നും
3. അവസാനം നിയമന ഉത്തരവ് നൽകിയതിനുശേഷം എത്ര ഒഴിവുകൾ ഏതെല്ലാം വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും
4. നിയമന ഉത്തരവ് നൽകിയതിനുശേഷം NJD ആയി റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്രയെന്നും
5. NJD ആയി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്നുവെന്നും
6. NCA, TPO ആയി റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്നും അവ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നുവെന്നും

4. മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 25/05/2019-ന് നൽകിയതിൽ ക്രമ നമ്പർ (1), (6)-ന് ടി തസ്തികയിലേയ്ക്ക് അവസാന നിയമന ശുപാർശ നടന്നത് 07/05/2019 വരെ 40 ഉദ്യോഗാർത്ഥികൾക്കാണെന്നും നിയമന ശുപാർശ സംബന്ധിച്ച വിശദാംശങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in -ൽ Details of Advice Made എന്ന ലിങ്കിൽ ലഭ്യമാണെന്നും ക്രമ നമ്പർ (2)-ന് പി.എസ്.സി-യുടെ റൊട്ടേഷൻ ചാർട്ട്, നിലവിലുള്ള നിയമനനില, റൊട്ടേഷൻ നില ഇവ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണെന്നും ക്രമ നമ്പർ (3), (4),(5) എന്നിവയ്ക്ക് ടി തസ്തികയിലേയ്ക്ക് നിലവിൽ ഒഴിവുകളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

5 എതിർകക്ഷി 20/12/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ 13/05/2019-ന് ടി ഓഫീസിൽ ലഭിക്കുകയും മറുപടി 25.05.2019-ന് ടിയാൾക്ക് നൽകിയിട്ടുണ്ടെന്നും ടിയാളുടെ അപേക്ഷയുടെയും മറുപടിയുടെയും പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നു മാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ ടിയാന് നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ ഹർജിയിന്മേൽ നടപടി അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു. ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 16-ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV